File No.CEE/26/2022-TA2

**കേരളസർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**

**ശാന്തി നഗർ, തിരുവനന്തപുരം- 695001**

**പത്രക്കുറിപ്പ്**

**കീം 2022**

**എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനാതിനായി അപ്‌ലോഡ് ചെയ്ത മാർക്ക് ലിസ്റ്റുകളിലെ അപാകത പരിഹരിക്കുന്നതിന് 31.08.02022 വൈകിട്ട് 4 മണിവരെ സമയം ദീർഘിപ്പിച്ചു.**

24.08.2022 ലെ വിജ്ഞാപനപ്രകാരം എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലേയ്ക്കായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.In** എന്ന വെബ്സൈറ്റ് മുഖേന മാർക്ക് വിവരങ്ങൾ സമർപ്പിച്ച വിദ്യാർത്ഥികൾക്ക് മാർക്ക് വിവരങ്ങൾ പരിശോധിക്കുന്നതിനും ഇംപ്രൂവ്മെന്റ് പരീക്ഷയുടെ മാർക്ക് സമർപ്പിക്കുന്നതിനും 30.08.2022 വൈകുന്നേരം 5.00 മണി വരെ അവസരം നൽകിയിരുന്നു. സൂക്ഷ്മ പരിശോധനയിൽ, ഏതാനും വിദ്യാർത്ഥികൾ കേരള ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി ഇംപ്രൂവ്മെന്റ് പരീക്ഷകളുടെ മാർക്ക് ലിസ്റ്റുകൾ അപ്‌ലോഡ് ചെയ്തിരുന്നുവെങ്കിലും രണ്ടാം വർഷത്തെ മാർക്ക് കണ്ടെത്തുന്നതിനാവശ്യമായ പ്ലസ് ടു മാർക്ക് ലിസ്റ്റ് അപ്‌ലോഡ് ചെയ്തതായി കാണുന്നില്ല. കേരള ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി ഇംപ്രൂവ്മെന്റ് പരീക്ഷകളുടെ മാർക്ക് ലിസ്റ്റുകളിൽ രണ്ട് വർഷത്തെയും കൂടി ഒരു വിഷയത്തിന് ആകെ ലഭിക്കുന്ന മാർക്കാണ് നൽകിയിരിക്കുന്നത്. ഇതിൽ നിന്നും എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനാവശ്യമായ രണ്ടാം വർഷത്തെ മാർക്ക് കണ്ടെത്തണമെങ്കിൽ വിദ്യാർത്ഥികൾ രണ്ടാം വർഷത്തെ മാർക്ക് ലിസ്റ്റ് കൂടി അപ്‌ലോഡ് ചെയ്യേണ്ടതാണ്. രണ്ടാം വർഷത്തെ മാർക്ക് ലിസ്റ്റും ഇംപ്രൂവ്മെന്റ് പരീക്ഷയുടെ മാർക്ക് ലിസ്റ്റും ഒറ്റ പി.ഡി.എഫ് ഫയലായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. അപ് ലോഡ് ചെയ്യുന്ന മാർക്ക് ലിസ്റ്റുകളിൽ പരീക്ഷാ ബോർഡിന്റെ പേര്, വർഷം രജിസ്റ്റർ നമ്പർ എന്നിവ വ്യക്തമായിരിക്കണം. **31.08.2022 വൈകുന്നേരം 4.00 മണിക്കുള്ളിൽ** മേൽ പറഞ്ഞ രീതിയിൽ മാർക്ക് ലിസ്റ്റുകൾ അപ്‌ലോഡ് ചെയ്യാത്ത വിദ്യാർത്ഥികളുടെ മാർക്കുകൾ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി പരിഗണിക്കുന്നതല്ല. സമർപ്പിച്ച മാർക്കുകളിൽ മറ്റ് അപാകതകൾ ഉള്ളവർക്കും സാധുവായ മാർക്ക് ലിസ്റ്റുകൾ അപ്‌ലോഡ് ചെയ്ത് 31.08.2022 വൈകുന്നേരം 4 മണിക്കുള്ളിൽ അപാകതകൾ പരിഹരിക്കാവുന്നതാണ്. വിശദ വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ് സൈറ്റ് സന്ദർശിക്കുക.

**ഹെൽപ് ലൈൻ നമ്പർ : 0471 2525300**

30/08/22

തിരുവനന്തപുരം
**30/08/2022**

**ജോയിന്റ് കമ്മീഷണർ (അക്കാദമിക്)**